REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 29-04-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- 21-ാം നൂറ്റാണ്ടിനെ അഭിമുഖീകരിക്കുന്നതിന് രാജ്യത്തിന്റെ വിദ്യാഭ്യാസ മേഖലയെ കേന്ദ്ര ഗവൺമെന്റ് ആധുനികവത്കരിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- പാകിസ്ഥാന്റെ ഭീകരവാദ അനുകൂല നിലപാടിനെതിരെ ഐക്യരാഷ്ട്ര സഭയിൽ ഇന്ത്യയുടെ ശക്തമായ പ്രതിഷേധം.
- ലോകത്തിലെ ഏറ്റവും വലിയ ദൃശ്യ ശ്രാവ്യ വിനോദ ഉച്ചകോടിയായ വേവ്സ് 2025ന് മറ്റന്നാൾ മുംബൈയിൽ തുടക്കമാകും.
- പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ലഹരിവിരുദ്ധ ബോധവൽക്കരണ 'മെഗാ സൂംബാ ഡിസ്പ്ലെ' നാളെ തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.
- അന്തരിച്ച ചലച്ചിത്ര സംവിധായകൻ ഷാജി N കരുണിന് നാടിന്റെ ആദരാഞ്ജലി. സംസ്കാരം വൈകിട്ട് തൈക്കാട് ശാന്തി കവാടത്തിൽ.
- കൊളംബോയിൽ ത്രിരാഷ്ട്ര വനിതാ ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരെ ഇന്ത്യയ്ക്ക് മൂന്ന് വിക്കറ്റ് നഷ്ടമായി.

# വാർത്തകൾ വിശദമായി

21-ാം നൂറ്റാണ്ടിനെ അഭിമുഖീകരിക്കുന്നതിന് രാജ്യത്തിന്റെ വിദ്യാഭ്യാസ മേഖലയെ കേന്ദ്ര ഗവൺമെന്റ് ആധുനികവത്കരിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ യുഗ്മ് കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ലോകോത്തര അറിവുകൾ രാജ്യത്തെ എല്ലാ വിദ്യാർത്ഥികളുടേയും ഇടയിൽ കേന്ദ്രഗവൺമെന്റിന് എത്തിക്കാൻ കഴിയന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. രാജ്യത്തിന്റെ ഭാവി, യുവാക്കളെയാണ് ആശ്രയിച്ചിരിക്കുന്നതെന്നും അതിനാൽ ഇന്ത്യയുടെ ശോഭനമായ ഭാവിക്കായി അവരെ തയ്യാറാക്കുന്നതിൽ വിദ്യാഭ്യാസ നയത്തിന് നിർണായക പങ്കുണ്ടെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

ഗവൺമെന്റ്, അക്കാദമിക്, വ്യവസായ, നൂതനാശയ മേഖലയിലെ നേതാക്കളെ വിളിച്ചുകൂട്ടുന്ന ആദ്യത്തെ കോൺക്ലേവാണ് യുഗ്മ്. രാജ്യത്തിന്റെ നവീകരണത്തിന് വൻ തോതിൽ സ്വകാര്യ നിക്ഷേപം വർദ്ധിപ്പിക്കുക, അക്കാദമിക് - വ്യവസായ - ഗവൺമെന്റ് പങ്കാളിത്തം ശക്തിപ്പെടുത്തുക, വികസിത് ഭാരതിന്റെ ദർശനവുമായി പൊരുത്തപ്പെടുന്ന നവീകരണം എന്നിവയാണ് കോൺക്ലേവിന്റെ ലക്ഷ്യം.

✪✪✪

പാകിസ്ഥാൻ ഭീകരവാദികളെ പരിശീലിപ്പിക്കുകയും ധനസഹായം നൽകുകയും ചെയ്യുന്നതിനെതിരെ ഇന്ത്യ ഐക്യരാഷ്ട്ര സഭയിൽ ശക്തമായി പ്രതികരിച്ചു. പാകിസ്ഥാൻ പ്രതിരോധ മന്ത്രി ഖ്വാജ ഹാസിഫ് ഇക്കാര്യം സമ്മതിച്ച് നൽകിയ അഭിമുഖം പാകിസ്ഥാന്റെ കുറ്റസമ്മതമാണെന്നും ഐക്യരാഷ്ട്ര സഭയിലെ ഇന്ത്യയുടെ സ്ഥിരം ഡെപ്യൂട്ടി പ്രതിനിധി യോജന പട്ടേൽ പറഞ്ഞു. ഭീകരവാദികൾക്ക് പാകിസ്ഥാൻ സാമ്പത്തിക സഹായം നൽകുന്നുണ്ടെന്ന ഖ്വാജ ഹാസിഫിന്റെ തുറന്നുപറച്ചിൽ ലോകം മുഴുവൻ കണ്ടതിനാൽ അത് ആരെയും അത്ഭുതപ്പെടുത്തുന്നില്ലെന്ന് യോജനാ പട്ടേൽ വ്യക്തമാക്കി.

ആഗോള ഭീകരതയ്ക്ക് ആക്കം കൂട്ടുന്ന തെമ്മാടിരാഷ്ട്രമായി പാകിസ്ഥാൻ മാറിയെന്നും ഇന്ത്യക്കെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്നതിന് ആഗോള ഫോറങ്ങളെ ദുരുപയോഗം ചെയ്യുകയാണ് പാകിസ്ഥാനെന്നും യോജനാ പട്ടേൽ പറഞ്ഞു.

✪✪✪

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ രാജ്യത്തിന്റെ നിശ്ചയദാർഢ്യം പ്രകടിപ്പിക്കാൻ പാർലമെന്റിന്റെ പ്രത്യേക സമ്മേളനം വിളിച്ചു ചേർക്കണമെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയും, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും ആവശ്യപ്പെട്ടു. രാജ്യത്തിന്റെ ഐക്യദാർഢ്യം അനിവാര്യമായ ഈ സമയത്ത് എത്രയും വേഗം സമ്മേളനം ചേരേണ്ടത് പ്രധാനമാണെന്നും ഇരുവരും പ്രധാനമന്ത്രിക്ക് അയച്ച കത്തിൽ പറഞ്ഞു.

✪✪✪

പഹൽഗാം ഭീകരാക്രമണത്തിൽ ജീവൻ നഷ്ടമായവർക്ക് ദുഃഖം രേഖപ്പെടുത്തി അമേരിക്കയിലെ ഇന്ത്യൻ സമൂഹം വിവിധ ഭാഗങ്ങളിൽ പ്രാർത്ഥനാ യോഗങ്ങളും പ്രകടനങ്ങളും നടത്തി. ന്യൂജേഴ്സിയിലെ എഡിസണിൽ 20-ഓളം സംഘടനകളെ പ്രതിനിധീകരിച്ച് 300-ഓളം പേർ പങ്കെടുത്തു. കണക്റ്റികട്ടിൽ ആദരാഞ്ജലി അർപ്പിക്കുന്ന ചടങ്ങിൽ 16 ഇന്ത്യൻ അസോസിയേഷനുകൾ പങ്കാളികളായി.

✪✪✪

പരശുരാമ ജയന്തി ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങൾക്ക് ആശംസകൾ നേർന്നു. ആയുധങ്ങളിലും പുണ്യഗ്രന്ഥങ്ങളിലും അഗാധമായ ജ്ഞാനമുണ്ടായിരുന്ന പരശുരാമന്റെ അനുഗ്രഹങ്ങൾ എല്ലാവരുടെയും ജീവിതത്തിൽ ധൈര്യവും ശക്തിയും നിറയ്ക്കുമെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

✪✪✪

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അടുത്ത അധ്യയന വർഷത്തെ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനത്തിന്റെ ആദ്യ പരിപാടിയായ മെഗാ സൂംബാ ഡിസ്പ്ലെ നാളെ തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ജില്ലയിലെ സ്കൂളുകളിലെ ആയിരത്തി അഞ്ഞൂറോളം വിദ്യാർത്ഥികൾ മെഗാ സൂംബാ ഡിസ്പ്ലെയിൽ പങ്കെടുക്കും.

✪✪✪

റാപ്പ് ഗായകൻ വേടൻ എന്ന് അറിയപ്പെടുന്ന ഹിരൺദാസ്മുരളി കുറച്ചു കാലമായി വനം വകുപ്പ് വിജിലൻസിന്റെ നിരീക്ഷണത്തിലായിരുന്നുവെന്ന് മന്ത്രി AK ശശീന്ദ്രൻ അറിയിച്ചു. പുലിപ്പല്ല് കൈവശം വെച്ചതിനെ തുടർന്ന് വനം വകുപ്പ് സ്വീകരിച്ച നടപടി സ്വാഭാവികമാണെന്ന് മന്ത്രി കൊച്ചിയിൽ മാധ്യമങ്ങളോട് പറഞ്ഞു. ഹിരൺദാസ് മുരളിക്ക് പുലിപ്പല്ല് നൽകിയത്

ആരാധകനാണെന്ന കാര്യം അദ്ദേഹം തെളിയിക്കണമെന്നും AK ശശീന്ദ്രൻ ആവശ്യപ്പെട്ടു.

✪✪✪

സംസ്ഥാന ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ നാളെ വിരമിക്കും. 2024 സെപ്തംബർ ഒന്നിനായിരുന്നു അവർ ചീഫ് സെക്രട്ടറിയായി ചുമതലയേറ്റത്. ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. A ജയതിലക് അടുത്ത ചീഫ് സെക്രട്ടറിയായി സ്ഥാനമേൽക്കും. 2026 ജൂൺ വരെ ഇദ്ദേഹത്തിന് കാലാവധിയുണ്ട്.

✪✪✪

മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ പ്രാദേശിക അടിസ്ഥാനത്തിൽ ഊർജ്ജിതമാക്കുന്നതിന് ജില്ലാതല നിയന്ത്രണ സമിതികൾ എല്ലാ മാസവും ചേരാൻ ഗവൺമെന്റ് ഉത്തരവിട്ടു. മുഖ്യമന്ത്രിയുടെ നിർദേശപ്രകാരമാണ് നടപടി. പ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും നടപ്പാക്കുന്നതിലും വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും പങ്കാളിത്തം ജില്ലാതല നിയന്ത്രണ സമിതികൾ ഉറപ്പുവരുത്തും.

✪✪✪

അന്തരിച്ച ചലച്ചിത്ര സംവിധായകനും ഛായാഗ്രാഹകനുമായ ഷാജി N കരുണിന്റെ സംസ്കാരം വൈകിട്ട് നാലിന് ഔദ്യോഗിക ബഹുമതികളോടെ തൈക്കാട് ശാന്തി കവാടത്തിൽ നടത്തും. 73 കാരനായ അദ്ദേഹത്തിന്റെ അന്ത്യം ഇന്നലെ വൈകിട്ട് തിരുവനന്തപുരത്തായിരുന്നു. ഭൗതിക ശരീരം കലാഭവൻ തിയേറ്ററിൽ പൊതുദർശനത്തിന് വെച്ചിരിക്കുകയാണ്. മന്ത്രി സജി ചെറിയാൻ, വി ശിവൻകുട്ടി, കടകംപള്ളി സുരേന്ദ്രൻ MLA, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം MD ദിവ്യ S അയ്യർ, ചലച്ചിത്ര നടൻ നന്ദു, കവി V മധുസൂദനൻ നായർ തുടങ്ങി നിരവധി പ്രമുഖർ ഷാജി N കരുണിന് അന്തിമോപചാരം അർപ്പിച്ചു.

ഷാജി N കരുണിന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രി ഡോ. R ബിന്ദു, സ്പീക്കർ AN ഷംസീർ, തുടങ്ങിയവർ അനുശോചിച്ചു.

✪✪✪

ലോകത്തിലെ ഏറ്റവും വലിയ ദൃശ്യ ശ്രാവ്യ വിനോദ ഉച്ചകോടിയായ വേവ്സ് 2025ന് മറ്റന്നാൾ മുംബൈയിൽ തുടക്കമാകും. മുംബൈയിലെ ജിയോ കൺവെൻഷൻ സെന്ററിൽ 15,000 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ഒരുക്കിയ വേദിയിലാണ് ഉച്ചകോടി.

വിനോദ മേഖലയിലെ നൂതനാശയം, സർഗ്ഗാത്മകത, സീമാതീതമായ സഹകരണം എന്നിവയുടെ സംഗമമായിരിക്കും വേവ്സ് ഉച്ചകോടി. വ്യവസായരംഗത്തെ പ്രമുഖർ, നിക്ഷേപകർ, അത്യാധുനിക സാങ്കേതിക വിദ്യാ വിദഗ്ധർ തുടങ്ങിയവർ ഉച്ചകോടിയിൽ പങ്കെടുക്കും.

നെറ്റ്ഫ്ലിക്സ്, ആമസോൺ, ഗൂഗിൾ, മെറ്റാ, സോണി, റിലയൻസ്, തുടങ്ങി 100-ലധികം പ്രമുഖ പ്രദർശകർ പരിപാടിയുടെ ഭാഗമാകും.

✪✪✪

കാലം ചെയ്ത ഫ്രാൻസിസ് മാർപാപ്പയുടെ പിൻഗാമിയെ തിരഞ്ഞെടുക്കുന്നതിന് രഹസ്യ കോൺക്ലേവ് അടുത്ത മാസം 7 ന് ആരംഭിക്കുമെന്ന് വത്തിക്കാൻ പ്രഖ്യാപിച്ചു. വത്തിക്കാനിൽ ഇന്നലെ ചേർന്ന കർദിനാൾമാരുടെ യോഗമാണ് ഇത് സംബന്ധിച്ച തീരുമാനമെടുത്തത്.

സിസ്റ്റൈൻ ചാപ്പലിലെ രഹസ്യ വോട്ടെടുപ്പിലൂടെയാണ് പുതിയ പോപ്പിനെ തിരഞ്ഞെടുക്കുക. ഇന്ത്യയിൽ നിന്ന് നാല് കർദിനാൾമാർക്ക് തിരഞ്ഞെടുപ്പിൽ വോട്ടവകാശമുണ്ട്. മൂന്നിൽ രണ്ട് ഭൂരിപക്ഷം ലഭിക്കുന്നയാൾ ഫ്രാൻസിസ് മാർപ്പാപ്പയുടെ പിൻഗാമിയാകും.

✪✪✪

കൊയിലാണ്ടി സബ് ട്രഷറിക്കായി നിർമിക്കുന്ന പുതിയ കെട്ടിടത്തിന് മന്ത്രി KN ബാലഗോപാൽ ഉച്ചയ്ക്ക് ശേഷം തറക്കല്ലിടും. ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് കോടി രൂപ ചെലവഴിച്ചാണ് കെട്ടിടം നിർമിക്കുന്നത്.

✪✪✪

പാലക്കാട് നഗരസഭയിൽ ഭരണ പ്രതിപക്ഷ അംഗങ്ങൾ തമ്മിൽ കയ്യാങ്കളി. നഗരസഭയുടെ നൈപുണ്യ വികസന കേന്ദ്രത്തിന് RSS സ്ഥാപകൻ ഡോ. കേശവ് ബല്റാം ഹെഡ്ഗേവാറിന്റെ പേര് നൽകുന്നതിനെ ചൊല്ലി കോൺഗ്രസ് - അംഗങ്ങൾ പ്രതിഷേധിച്ചതോടെയാണ് കയ്യാങ്കളിയുണ്ടായത്.

✪✪✪

ചട്ടമ്പിസ്വാമികളുടെ 101-ാമത് മഹാസമാധി വാർഷികാചരണം സമാധിസ്ഥലമായ കൊല്ലം ചവറ പന്മന ആശ്രമത്തിൽ പുരോഗമിക്കുന്നു. മഹാസമാധി സമ്മേളനം ശ്രീമദ് ആനന്ദവനം ഭാരതി സ്വാമികൾ ഉദ്ഘാടനം ചെയ്തു. ചട്ടമ്പിസ്വാമികളുടെ ശിഷ്യരാവുകയെന്നത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

കൊളംബോയിൽ ത്രിരാഷ്ട്ര വനിതാ ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരെ ഇന്ത്യയ്ക്ക് മൂന്ന് വിക്കറ്റ് നഷ്ടമായി. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇന്ത്യ 35 ഓവറിൽ 164 റൺസ് എടുത്തിട്ടുണ്ട്.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. ന്യൂഡൽഹിയിൽ വൈകീട്ട് 7.30 നാണ് മത്സരം.

✪✪✪

ബാങ്കോക്കിൽ ഏഷ്യൻ ബേസ്ബോൾ ചാമ്പ്യൻഷിപ്പിന്റെ യോഗ്യതാ മത്സരത്തിന്റെ ഫൈനലിൽ ഇന്ത്യ ഇന്ന് ഇന്തോനേഷ്യ നേരിടും. ഏഷ്യൻ ബേസ്ബോൾ കപ്പിൽ ഇന്ത്യയുടെ തുടർച്ചയായ നാലാം മത്സരമാണിത്.

✪✪✪

കേരളത്തിന്റെ സ്വപ്ന പദ്ധതിയായ ആനക്കാംപൊയിൽ - മേപ്പാടി തുരങ്ക പാതക്ക് കേന്ദ്രഗവൺമെന്റ് അനുമതി നിഷേധിച്ചെന്ന വാർത്ത അടിസ്ഥാനരഹിതമാണെന്ന് ലിന്റോ ജോസഫ് MLA അറിയിച്ചു. ഏപ്രിൽ നാലിന് ചേർന്ന കേന്ദ്ര പരിസ്ഥിതി കമ്മിറ്റി മിനുട്ട്സ് പ്രകാരം അനുമതി നിഷേധിച്ചു എന്ന് ചില മാധ്യമങ്ങളിൽ വാർത്ത വന്നിരുന്നു. എന്നാൽ മിനുട്ട്സ് പ്രകാരം അന്തിമ അനുമതിക്ക് മുമ്പ് കൂടുതൽ വിവരശേഖരണത്തിന് മാറ്റിവെക്കുക മാത്രമാണ് ഉണ്ടായതെന്ന് ലിന്റോ ജോസഫ് വ്യക്തമാക്കി. സംസ്ഥാന പരിസ്ഥിതി കമ്മിറ്റിയും നേരത്തെ ഇത്തരം നടപടികൾക്ക് ശേഷം മാത്രമാണ് അന്തിമ അനുമതി നൽകിയത്.

✪✪✪

പട്ടികവർഗ ഉന്നതികളിലെ കുട്ടികൾക്കായി കോഴിക്കോട് ജില്ലാ ഭരണകൂടം സംഘടിപ്പിക്കുന്ന രണ്ടു ദിവസത്തെ 'സൃഷ്ടി' വേനലവധിക്കാല ക്യാമ്പിന് ചെമ്പുകടവ് ഗവ. UP സ്കൂളിൽ തുടക്കമായി. ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, അഡോറ, പട്ടികവർഗ വകുപ്പ്, ആസാദ് സേന എന്നിവയുടെ സഹകരണത്തോടെയാണ് ക്യാമ്പ്.

✪✪✪

കേരള നിയമസഭ, ഹർജികൾ സംബന്ധിച്ച സമിതി അടുത്ത മാസം ആറിന് രാവിലെ കാസർകോട് ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. കാസർകോട് ജില്ലയിൽ നിന്ന് സമിതിക്ക് ലഭിച്ച ഹർജികളുമായി ബന്ധപ്പെട്ട്

ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തും. സമിതി മുമ്പാകെ പുതിയ പരാതികളും നിർദ്ദേശങ്ങളും നൽകാൻ താൽപര്യമുള്ള വ്യക്തികൾക്കും സംഘടനകൾക്കും നാളെ വരെ പരാതികളും നിർദ്ദേശങ്ങളും സമർപ്പിക്കാം.

✪✪✪

കാസർഗോഡ് ബേക്കൽ പോലീസ് സ്റ്റേഷൻ പരിധിയിൽ തൃക്കണ്ണാടിനടുത്ത് വൻ കുഴൽപ്പണ വേട്ട. രേഖകളില്ലാതെ കാറിൽ കടത്തുകയായിരുന്ന 11 ലക്ഷത്തി 75000 രൂപയുമായി മേൽപറമ്പ് സ്വദേശി അബ്ദുൾ ഖാദറാണ് പിടിയിലായത്.

✪✪✪

2025 ലെ ചാർ ധാം യാത്രയുടെ ഉദ്ഘാടന ചടങ്ങ് ആകാശവാണി തത്സമയം പ്രക്ഷേപണം ചെയ്യും. ഗംഗോത്രി യമുനോത്രി ധാമുകൾ തുറക്കുന്നത് നാളെ രാവിലെ 10 മുതൽ 11 വരെയും, 11:30 മുതൽ 12:30 വരെയുമാണ്. കേദാർനാഥ് തുറക്കുന്നതിന്റെ തത്സമയ പ്രക്ഷേപണം അടുത്തമാസം രണ്ടിന് രാവിലെ 6 നും, ബദരീനാഥിലേത് അടുത്ത മാസം നാലിന് രാവിലെ ആറര മുതൽ ഏഴര വരെയുമായിരിയ്ക്കും.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: സബിത കെ*
*News Team: പി ചന്ദ്രബാബു*
*DEO : സി കെ സുബോധ്*